വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ട് പാലങ്ങളിൽ ഒന്നായ പുനലൂർ വെട്ടിപ്പുഴ പാലത്തിന്റെ ഡിവിയേഷന് ആവശ്യമായ അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭിച്ചിട്ടില്ല. ഡിവിയേഷൻ റോഡ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിവിയേഷൻ റോഡില്ലെങ്കിൽ ആ പാലം പണിക്ക് പല പ്രയാസങ്ങളും ഉണ്ട്. ആ ഡിവിയേഷൻ റോഡിനാവശ്യമായ സ്ഥലം ലഭിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ - കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതു കിട്ടി കഴിഞ്ഞാൽ ആ പ്രവർത്തി നടത്തുന്നതാണ്. അതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

ബഹുമാനപ്പെട്ടമെമ്പർ പറഞ്ഞ രണ്ടാമത്തെ പാലത്തെ സംബന്ധിച്ചിടത്തോളം അത് സ്പെഷ്യൽ കം പോണന്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് മൂന്നരലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് 4-1-1985-ൽ ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്ലാനും എസ്റ്റിമേറ്റും ഡിസൈനും പൂർത്തിയായതിനുശേഷം അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(25) ഇരിങ്ങാലക്കുട സിവിൽ സ്റ്റേഷന്റെ പണി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിഞ്ഞാലക്കുടയിൽ ഒരു മിനിസിവിൽസ്റ്റേഷൻ വരുന്നതിന് 5 വർഷം മുമ്പ് 13 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ട് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നൂറ്റാണ്ടുകളോളം പഴക്കമുള്ള മുകുന്ദപുരം താലൂക്കാഫീസ് മുടിഞ്ഞ നായർ തറവാടുപോലെ ഇടിഞ്ഞുപൊളിഞ്ഞ് ചോർന്നൊലിച്ച് കിടക്കുകയാണ്. ആ നാലുകെട്ടിനകത്ത് ഒരു പൊട്ടക്കിണറുമുണ്ട്. ഫയലുകളെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റാഫിന് നിന്നു തിരിയാൻ ഇടമില്ല. ഇവിടെ സർക്കാർ ഓഫീസുകളെല്ലാം തന്നെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ താലൂക്കിലെ മാള വില്ലേജിൽ ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിച്ചിരിക്കുന്നതായി അറിയുന്നു. ഇക്കാര്യത്തിലും മന്ത്രി മറുപടി പറയുമെന്ന് വിശ്വസിക്കുന്നു. ഉടനെതന്നെ അടിയന്തിരമായി ഇരിഞ്ഞാലക്കുടയിൽ മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : മുടിഞ്ഞ നായർ തറവാടെന്നു പറഞ്ഞാൽ തന്നെക്കിയറാണ്. പിന്നെ അഡീഷണാലിറ്റി വേണോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ സംസ്ഥാനത്താകെ, ഒരു മിനി സിവിൽ സ്റ്റേഷന്റെ മാത്രമേ പണി പൂർത്തിയായിട്ടുള്ളൂ. കരുനാഗപ്പള്ളി മിനിസിവിൽ സ്റ്റേഷനാണത്. പണം ലഭ്യമാകുന്ന മുറയ്ക്ക് ഇരിഞ്ഞാലക്കുട സിവിൽ സ്റ്റേഷന്റെയും പണി ആരംഭിക്കുന്നതാണ്. മാളയിൽ സിവിൽ സ്റ്റേഷനൊന്നും തുടങ്ങിയിട്ടില്ല. അവിടെ വില്ലേജാഫീസിനോടനുബന്ധിച്ച് ഒരു കെട്ടിടം പണിതിട്ടുണ്ടെന്നേയുള്ളൂ. അതിന് നാട്ടുകാർ കൊടുത്തിരിക്കുന്ന പേരാണ് സിവിൽ സ്റ്റേഷനെന്ന്. അവിടത്തെ ആഫീസുകളെല്ലാം ക്രമപ്പടുത്തി അടിയന്തിരമായി അഹമ്മദുനഗർ പരിഷ്കരണം ഏർപ്പെടുത്തുന്നതാണ്.

(26) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം

ശ്രീ. വി. വി. ജോസഫ് : സർ, മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഫണ്ടിന്റെ കുറവുകൊണ്ട് സ്തംഭനാവസ്ഥയിലായിരിക്കുന്ന വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 141 ലക്ഷം രൂപയാണ് ഈ പദ്ധതിക്കുവേണ്ടി വകകൊള്ളിച്ചിരുന്നത്. ആ പണം തീർന്നിട്ട്, ഏതാണ്ട് ഒരുകോടിരൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കാനുണ്ട്. ഈ വർഷം അനുവദിക്കുന്ന 160 ലക്ഷം രൂപയിൽ 60 ലക്ഷം രൂപ ശമ്പളം കൊടുത്തിട്ട്, ഒരു കോടി രൂപ ഇപ്പോഴുള്ള ബില്ലുകൾക്ക് കൊടുക്കാൻ മാത്രമേ തികയുകയുള്ളു. അതുകൊണ്ട് അടുത്ത വർഷത്തെ പണികൾ നിറുത്തലാക്കി കോൺട്രാക്ടർമാർ സ്ഥലം വിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടുത്ത വർഷത്തെ ബഡ്ജറ്റിൽ മുവാറ്റുപുഴ വാലി ജലസേചനപദ്ധതി മുമ്പോട്ട് കൊണ്ടുപോകുവാൻ— 7-ാം പദ്ധതിയിൽ അത് ഭാഗികമായി കമ്മിഷൻ ചെയ്യുമെന്ന് നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ട്. കൂടുതൽ തുക അലോട്ട് ചെയ്യണം. അല്ലെങ്കിൽ കോൺട്രാക്ടർമാർ പണി ഉപേക്ഷിച്ചു പോകുന്ന നിലയിലേക്ക് വരും. അതുകൊണ്ട് എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ കാർഷികമേഖലയുടെ പുരോഗതിക്കുവേണ്ടിയുള്ള മുവാറ്റുപുഴവാലി പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മുവാറ്റുപുഴവാലി പദ്ധതിക്ക് ബഡ്ജറ്റിൽ കൊള്ളിച്ച സംഖ്യയെക്കാൾ കൂടുതൽ തുക പിന്നീട് റി അഡ്ജസ്റ്റ് ചെയ്തു. 190 ലക്ഷം രൂപ 1985-86-ൽ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രൊവിഷൻ വരുന്നതോടുകൂടി ആ തുകയ്ക്കുള്ള പണികൾ തുടർന്ന് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.

(27) കണ്ണൂരിലെ ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി സ്കൂൾ അടച്ചുപൂട്ടുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. രാഘവൻ : സർ, വിദ്യാഭ്യാസമന്ത്രിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുകയാണ്. കണ്ണൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് 116 വർഷമായി പ്രവർത്തിച്ചുവരുന്ന ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചതായി അറിയുന്നു. അവിടെ 300 കുട്ടികളുണ്ട്. 13 അദ്ധ്യാപകർ അവിടെ ജോലിചെയ്യുന്നു. ഏറ്റവും ക്രൂരവും ദാരുണവുമായ ഒരു നടപടിയാണിതെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിരവധി പണ്ഡിതൻമാർക്കും, സാഹിത്യകാരൻമാർക്കും എഞ്ചിനീയർമാർക്കും ഡോക്ടർമാർക്കും ബാലപാഠം നൽകിയ മാതൃകാ വിദ്യാലയമായ ദൈവത്താർകണ്ടി സ്കൂൾ ഒരു ചെറിയ വാടക കെട്ടിടത്തിലാണ് അവിടെ പ്രവർത്തിക്കുന്നത്. അത് മനോഹരമായ ഒരു കെട്ടിടമാണ്. പത്രത്തിൽ വന്ന ഫോട്ടോ കൂടി ഞാൻ കാണിക്കുകയാണ് (ഫോട്ടോ ഉയർത്തി കാണിച്ചു) മനോഹരമായ ആ കെട്ടിടമാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചിരിക്കുന്നത്. ക്രിയാത്മകമായ ഒരു പി. ടി. എ. അവിടെ പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമെ സംരക്ഷണ സമിതിയെന്ന പേരിൽ ഒരു സംഘടനയും അവിടെ പ്രവർത്തിക്കുന്നുണ്ട്. ഞാൻ അതിന്റെ രക്ഷാധികാരിയാണ്. ഇതിനെ സംബന്ധിച്ചുള്ള നിവേദനം വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും നിരവധി തവണ സമർപ്പിച്ചിരുന്നിതാണ്. അടിയന്തിരമായി ഇതിനെക്കുറിച്ച് പുനഃപരിശോധന നടത്തി ദൈവത്താർകണ്ടി യു. പി. സ്കൂളിനെ അവിടെത്തന്നെ നിലനിറുത്താനുള്ള ഒരു സമീപനമുണ്ടാകണമെന്ന് വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly